(ഡി) പാലത്തിന്റെ കരാർ ഏറ്റെടുത്ത കൺസ്ട്രക്ഷൻ കോർപ്പറേഷൻ നിരന്തരവാദപരമായ സമീപനം സ്വീകരിച്ചു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) 16-9-2014-ലെ സ.ഉ. (സാധാ) നമ്പർ 4426/14/റവ ഉത്തരവ് പ്രകാരം ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഏകദേശം 60 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ഡി) ഇല്ല. അപ്രോച്ച് റോഡിനാവശ്യമായ ഭൂമി ഏറ്റെടുത്ത് നൽകാൻ കഴിയാതെ വന്നതിനാലും, ഏകദേശം 60 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാലും തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

ചെല്ലഞ്ചി പാലം നിർമ്മാണം

249 (1293) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് എന്നാണെന്ന് അറിയിക്കുമോ ;

(ബി) ഈ പാലത്തിന്റെ നിർമ്മാണം എത്ര ശതമാനം പൂർത്തിയായി എന്നും ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വിശദമാക്കുമോ ;

(സി) ചെലഞ്ചി പാലത്തിന്റെ നിർമ്മാണം ഏറ്റെടുത്തിരുന്ന കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കെ.എസ്.സി.സി. പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ കരാർ ലംഘനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ;

(ഇ) ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(എഫ്) ഈ പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് 16-7-2010-ലാണ്.

(ബി) ഈ പാലത്തിന്റെ ഏകദേശം 30% പണികൾ പൂർത്തിയായിട്ടുണ്ട്. ഇപ്പോൾ പണികൾ നിർത്തിവച്ചിരിക്കുകയാണ്.

(സി) ഉണ്ട്.

(ഡി&എഫ്) കരാർ ലംഘനം നടത്തിയിട്ടുണ്ട്. 29-1-2015-ൽ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാന പ്രകാരം കെ.എസ്.സി.സി.-യുമായുള്ള കരാർ നിയമാനുസൃതം റദ്ദ് ചെയ്യുവാനും ബാക്കി പ്രവൃത്തികൾ കെ.എസ്.സി.സി.-യുടെ നഷ്ടോത്തരവാദിത്വത്തിൽ പുനഃക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ

250 (1294) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എത്ര റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ടെന്നും അവ ഏതെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ ഏറ്റെടുത്ത റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

പുളിമാത്ത് പോലീസ് മുക്ക്-കരിയാംവിള റോഡ്

251 (1295) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ പുളിമാത്ത് ഗ്രാമപഞ്ചായത്തിലുൾപ്പെട്ട പോലീസ് മുക്ക്-കരിയാംവിള റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നവീകരിക്കുവാനുള്ള ശിപാർശയിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.